# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1407** **04.12.2014-ൽ മറുപടിക്ക്**

**<u>ദേശീയപാത വികസനത്തിന് കേന്ദ്ര സഹായം</u>**

| **<u>ചോദ്യം</u>** | **<u>ഉത്തരം</u>** |
|---|---|
| **ശ്രീ.പി.സി.വിഷ്ണുനാഥ്**<br>**ശ്രീ.ബെന്നി ബെഹനാൻ**<br>**ശ്രീ.വർക്കല കഹാർ**<br>**ശ്രീ.പി.എ.മാധവൻ** | **ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്**<br>**(പൊതുമരാമത്ത് വകുപ്പുമന്ത്രി)** |
| (എ) ദേശീയപാത വികസനത്തിന് കേന്ദ്ര സഹായം വാഗ്ദാനം ചെയ്തിട്ടുണ്ടോയെന്ന് വിശദമാക്കുമോ;<br><br>(ബി) ഇത് സംബന്ധിച്ച് വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) & (ബി) സംസ്ഥാനത്തെ ദേശീയപാതകളുടെ സമഗ്രമായ വികസനം ദേശീയപാതാ വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിൻ പ്രകാരം എൻ.എച്ച്.17 ഉം 47 ഉം ദേശീയപാതാ വികസന പദ്ധതി ഘട്ടം 2 ലും 3 ലും പെടുത്തി സർവ്വീസ് റോഡോടു കൂടിയ 4 വരിപ്പാതയായി വികസിപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നത്. മറ്റു ദേശീയപാതകൾ പേവ്ഡ് ഷോൾഡറോടു കൂടിയ 2 വരിപ്പാതയായാണ് വികസിപ്പിക്കുവാൻ ഉദ്ദേശിക്കുന്നത്. എന്നാൽ ആവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിൽ ഉണ്ടായ കാലതാമസം മൂലം ദേശീയപാത 17 ലേയും 47 ലേയും തലപ്പാടി മുതൽ ഇടപ്പള്ളി വരെയും ചേർത്തല മുതൽ കഴക്കൂട്ടം വരെയുമുള്ള ഭാഗങ്ങൾ ദേശീയ പാതാ വികസന പദ്ധതിയിൽ നിന്നും ഒഴിവാക്കി കേന്ദ്ര സർക്കാർ വിജ്ഞാപനം |

പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഭാഗങ്ങൾ വീണ്ടും ഏറ്റെടുക്കുവാൻ കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. എൻ.എച്ച് 17 ഉം എൻ.എച്ച് 47 ഉം ഒഴികെയുള്ള ദേശീയപാതകളുടെ വികസനം സംസ്ഥാന സർക്കാർ വഴി കേന്ദ്രത്തിന്റെ വാർഷിക പദ്ധതിയിൽ ഘട്ടം ഘട്ടമായി നടപ്പിലാക്കാമെന്ന് കേന്ദ്രം സമ്മതിച്ചിട്ടുണ്ട്. ഇതിൻ പ്രകാരം എൻ.എച്ച് 208 ന്റെ മുഴുവൻ നീളവും (81.28 കി.മീ), എൻ.എച്ച് 49 ന്റെ 40.98 കി.മീറ്ററും എൻ.എച്ച് 220 ന്റെ 5.72 കി.മീറ്ററും, എൻ.എച്ച് 213 ന്റെ 47.00 കി.മീറ്ററും വികസിപ്പിക്കുവാനായി 2014-15 വർഷത്തെ കേന്ദ്ര പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിനായുള്ള എസ്റ്റിമേറ്റുകൾ കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| (സി) | എന്തെല്ലാം സഹായങ്ങളാണ് ഇതിനായി കേന്ദ്രം നൽകുന്നതെന്ന് വിശദമാക്കുമോ; | (സി) | 2014-15 വാർഷിക പദ്ധതിയിൽ ദേശീയ പാതകളുടെ വികസനത്തിനായി 360.00 കോടി രൂപയുടെ പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ഡി) | ഇവയുടെ പണികൾ തുടങ്ങുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ? | (ഡി) | പദ്ധതികൾക്കുള്ള എസ്റ്റിമേറ്റുകൾ കേന്ദ്ര സർക്കാരിൽ ഭരണാനുമതിയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. |

Salitha

സെക്ഷൻ ഓഫീസർ